LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വകപ്പ് മേധാവിയെ സ്ഥിരപ്പെടുത്തിയ നടപടി

89 (5437) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെപ്യൂട്ടേഷനിലെത്തിയ ന്യൂനപക്ഷ വകപ്പ് മേധാവിയെ സർക്കാർ സർവ്വീസിൽ പ്രസ്തുത തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഏത് സർവ്വീസിൽ നിന്നാണ് അദ്ദേഹം ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളത് ;

(ബി) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; നിലവിലുള്ള മേധാവിയ്ക്ക് പ്രസ്തുത യോഗ്യതകൾ എല്ലാം ഉണ്ടോ ; വ്യക്തമാക്കുമോ :

(സി) അദ്ദേഹത്തെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നീക്കത്തെ ധന,നിയമ,ഭരണ പരിഷ്കാര വകപ്പുകൾ എതിർത്തിരുന്നോ : എങ്കിൽ പ്രസ്തുത എതിർപ്പുകൾ അവഗണിച്ച് അദ്ദേഹത്തെ നിയമിക്കാനുള്ള സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ എയ്ഡഡ് കോളേജിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ന്യൂനപക്ഷക്ഷേമ വകപ്പ് ഡയറക്ടറെ റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) നിലവിൽ ഡയറക്ടർ തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല.

(സി) എതിർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ന്യൂനപക്ഷക്ഷേമ വകപ്പ് ഡയറക്ടറെ റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ന്യൂനപക്ഷ ക്ഷേമ വകപ്പിലെ പദ്ധതി വിഹിത വിനിയോഗം

90 (5438) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുക കാര്യക്ഷമമായി ചെലവഴിക്കപ്പെടുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന് ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട തുകയും പിൻവലിക്കപ്പെട്ട തുകയും സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ അവ നല്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുകയിൽ ചെലവഴിക്കപ്പെടാതെ പോയതും ലാപ്സായി പോയതും ഏതൊക്കെ പദ്ധതികൾക്കായിരുന്നു എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത അവസ്ഥ സംജാതമായതിന്റെ കാരണം അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

(തുക ലക്ഷത്തിൽ)

	വർഷം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	അനുവദിച്ച തുക	ചെലവഴിച്ച തുക	ശതമാനം
പ്ലാൻ	2011-12	...	1940.63	1937.90	99.85
	2012-13	8449.97	211.36	211.36	100
	2013-14	10300	4817.51	4814.94	99.94
	2014-15	13000	2563.95	2504	97.66

(സി&ഡി) ആഫീസ് കമ്പ്യൂട്ടറൈസേഷനുവേണ്ടി 2013-14 വർഷത്തിൽ അനുവദിക്കപ്പെട്ട 15 ലക്ഷം രൂപ സാങ്കേതിക തടസ്സം കാരണം നടപ്പിലാക്കാൻ കഴിയാത്തതിനാൽ തിരിച്ചടയ്ക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ), സർക്കാർ നിർദ്ദേശ പ്രകാരമുള്ള എം.ഒ.യു. ഒപ്പുവയ്ക്കാൻ തയ്യാറാകാത്തതുകാരണം ടി പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ എം.എസ്.ഡി.പി.-ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുമെന്ന പ്രതീക്ഷയിൽ കൂടുതൽ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അപ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാതെ വന്നപ്പോൾ കൂടുതലായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഫണ്ട് സറണ്ടർ ചെയ്യേണ്ടി വന്നു.

LIBRARY ARCHIVES Kerala Legislative Assembly